**പാഠം 2** **ജൂലൈ 1–7**

# സുവിശേഷവും പൗലൊസിന്റെ അധികാരവും

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**2 പത്രൊസ് 3:15,16; ഗലാ. 1; ഫിലി. 1:1; ഗലാ. 5:12.**

**മനഃപാഠവാക്യം: "ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുഎങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കുകയില്ല" (ഗലാ. 1:10).**

ഒരു സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ അവരുടെ ക്യാംപസിൽ ഏവർക്കും ജാതി – മത, ആൺ – പെൺ, സാമൂഹ്യഅന്തസ്സ്, മതവിശ്വാസം എന്നിവ ബാധകമല്ലാതെ ഒത്തുചേരാവുന്ന ഒരു കേന്ദ്രമുണ്ടാക്കി. എന്നാൽ വർഷങ്ങൾക്കുശേഷം ഈ വിദ്യാർത്ഥികൾ തിരിച്ചെത്തുകയും അപ്പോഴുള്ള വിദ്യാർത്ഥികൾ ഇതെല്ലാം പുനഃരാവിഷ്കരിക്കുകയും ചെയ്തെന്ന് കരുതുക. ഒത്തുകൂടി കാര്യങ്ങൾ ചെയ്യുന്നതിനായി ഒരുക്കപ്പെട്ടിരിക്കുന്നു. വലിയ മുറികൾക്കുപകരം പ്രവേശനം കർശനമായി ജാതിമത ആൺപെൺ വ്യവസ്ഥയിൽ നിയന്ത്രിക്കപ്പെട്ട കൊച്ചുമുറികൾ കണ്ടാൽ എന്തുതോന്നും? ഇങ്ങനെ ക്രമീകരിച്ച വിദ്യാർത്ഥികൾ ഒരുപക്ഷേ ഈ അധികാരം അവർക്ക് ലഭിച്ചത് നൂറ്റാണ്ടുകൾ പഴക്കമുള്ള ശീലങ്ങളിൽനിന്നു ലഭിച്ചതാണെന്ന് പറഞ്ഞേക്കാം.

ഗലാത്യയിലുള്ള സാഭകൾക്ക് പൗലൊസ് കത്തെഴുതിയപ്പോൾ ഏതാണ്ട് ഇതേയവസ്ഥയായിരുന്നു. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ജാതികൾക്ക് സഭയിൽ ചേരാമെന്നുള്ള അവന്റെ പദ്ധതി ജാതികളും പരിഛേദനയ്ക്ക് വിധേയരാകണം എന്ന ചില വ്യാജ ഉപദേശകന്മാരാൽ വെല്ലുവിളിക്കപ്പെട്ടു.

ഈ അവസ്ഥ, സുവിശേഷത്തിന്റെ തന്നെ സത്തയ്ക്കുള്ള ഒരു വെല്ലുവിളിയാണെന്ന് പൗലൊസ് കണ്ടു; അവൻ പ്രതികരിക്കേണ്ടിയിരുന്നു. ആ പ്രതികരണമാണ് ഗലാത്യർക്കുള്ള ലേഖനം.

* ജൂലൈ 8 ലെ ശബ്ബത്തിനുവേണ്ടി തയ്യാറാകാൻ ഈ പാഠം പഠിക്കുക.

**ഞായർ** **ജൂലൈ 2**

**പൗലൊസ് എന്ന കത്തെഴുത്തുകാരൻ**

**2 പത്രൊസ് 3:15,16 വായിക്കുക.**

**പൗലൊസിന്റെ എഴുത്തുകളെ ആദിമ സഭ എങ്ങനെ വീക്ഷിച്ചു എന്ന് ഈ വാക്യങ്ങൾ നമ്മോട് എന്തു പറയുന്നു? പ്രചോദനം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് ഇത് നമ്മെ എന്തു പഠിപ്പിക്കുന്നു?**

പൗലൊസ് ഗലാത്യർക്ക് എഴുതിയപ്പോൾ അവനൊരു സാഹിത്യ ശ്രേഷ്ഠകൃതിയൊന്നും ഉണ്ടാക്കാൻ ശ്രമിക്കുകയായിരുന്നില്ല. പകരം, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ അവനും ഗലാത്യയിലെ വിശ്വാസികളും ഉൾപ്പെട്ട പ്രത്യേക സാഹചര്യങ്ങളെ സംബോധന ചെയ്യുവാൻ ശ്രമിക്കുകയായിരുന്നു അവൻ. ഗലാത്യ ലേഖനം പോലുള്ളവ പൗലൊസിന്റെ അപ്പൊസ്തലിക ശുശ്രൂഷയിൽ നിർണ്ണായക പങ്കു വഹിച്ചു. ജാതീയ ലോകത്തിലുള്ള മിഷനറി എന്ന നിലയിൽ മെഡിറ്ററേനിയയ്ക്കു ചുറ്റും ചിതറിക്കിടന്ന നിരവധി സഭകൾ അവൻ സ്ഥാപിച്ചു. അവന് സാദ്ധ്യമായപ്പോഴൊക്കെ ഈ സഭകൾ അവൻ സന്ദർശിച്ചുവെങ്കിലും, അവന് ഒരു സ്ഥലത്ത് ദീർഘനാൾ താമസിക്കുവാൻ കഴിഞ്ഞില്ല. ഈ അഭാവത്തിനു പകരം വെക്കാൻ, സഭകൾക്ക് നിർദ്ദേശങ്ങൾ നൽകാൻ അവൻ കത്തുകളെഴുതി. കാലം കടന്നുപോയപ്പോൾ, പൗലൊസിന്റെ എഴുത്തുകളുടെ പകർപ്പുകൾ മറ്റ് സഭകളുമായി പങ്കുവയ്ക്കപ്പെട്ടു (കൊലൊസ്സ്യർ 4:16). പൗലൊസിന്റെ ഏതാനും എഴുത്തുകൾ നഷ്ടമായെങ്കിലും, പുതിയനിയമത്തിലെ 13 പുസ്തകങ്ങൾ അവന്റെ പേര് വഹിക്കുന്നു. മുകളിൽ പറഞ്ഞ പത്രൊസിന്റെ വാക്കുകൾ കാണിക്കുന്നതുപോലെ, ഏതോ ഒരു സമയത്ത് പൗലൊസിന്റെ എഴുത്തുകൾ തിരുവെഴുത്തുകളായി കണക്കാക്കപ്പെട്ടു. സഭയുടെ ചരിത്രത്തിൽ ആദിമകാലത്ത് അവന്റെ ശുശ്രൂഷ എത്ര ആധികാരികമായി എന്ന് ഇത് കാണിക്കുന്നു.

ഒരു സമയത്ത് അവന്റെ എഴുത്തിന്റെ ശൈലി വളരെ തനതായതായിരുന്നു എന്ന് ഏതാനും ക്രിസ്ത്യാനികൾ വിശ്വസിച്ചു ദൈവത്തിന്റെ പ്രചോദിതമായ വചനം ഉൾക്കൊള്ളാൻ ആത്മാവ് സൃഷ്ടിച്ച ഒരു പ്രത്യേക ശൈലി. ഈ കാഴ്ചപ്പാടിന് മാറ്റം വന്നത് ഓക്സ്ഫോർഡിൽ നിന്നുള്ള രണ്ട് യുവപണ്ഡിതന്മാർ ബെർണാഡ് ഗ്രെൻഫെലും ആർതർ ഹണ്ടും മിസ്രയീമിൽ ഏകദേശം 5 ലക്ഷം പാപ്പിറസ് കഷണങ്ങൾ കണ്ടെത്തിയപ്പോഴാണ്. (ക്രിസ്തുവിനും മുൻപും പിൻപും എഴുതാനുപയോഗിച്ചിരുന്ന പാപ്പിറസിൽ എഴുതപ്പെട്ട രേഖകൾ). പുതിയനിയമത്തിന്റെ ഏതാനും പുരാതനമായ പകർപ്പുകൾ കണ്ടെത്തിയതിനു പുറമെ അവർ വിലവിവരപ്പട്ടികകൾ, കരമടച്ചരേഖകൾ, രസീതുകൾ, വ്യക്തിഗത എഴുത്തുകൾ എന്നിവ കണ്ടെത്തി.

ഏവരുടെയും ആശ്ചര്യത്തിന്, പൗലൊസിന്റെ എഴുത്തുകളുടെ അടിസ്ഥാന രീതി ആ കാലത്തെ ലേഖന രചയിതാക്കളുടെയെല്ലാം ശൈലിയായിത്തീർന്നു. ആ രീതിയിൽ (1) ഒരു പ്രാരംഭ സംബോധനയും അയയ്ക്കുന്ന ആളിന്റെയും ലഭിക്കുന്ന ആളിന്റെയും പേരുകളും ഒരു അഭിവാദ്യവും ഉൾപ്പെട്ടിരുന്നു (2) ഒരു നന്ദിവാക്ക് (3) എഴുത്തിന്റെ പ്രധാന ഭാഗവും (4) ഒരു സമാപന അഭിപ്രായവും.

ചുരുക്കത്തിൽ, പൗലൊസ് തന്റെ കാലഘട്ടത്തിലെ അടിസ്ഥാനരീതി പിന്തുടരുകയായിരുന്നു. അവർക്ക് പരിചിതമായിരുന്ന ഒരു മാധ്യമത്തിലൂടെയും ശൈലിയിലും അവന്റെ സമകാലീനരോട് സംസാരിച്ചുകൊണ്ട്!

**വേദപുസ്തകം ഇന്നെഴുതപ്പെടുകയാണെങ്കിൽ, എപ്രകാരമുള്ള മാധ്യമവും, ശൈലിയും, കെട്ടും മട്ടുമായിരിക്കും നമ്മിലേക്ക് എത്തിച്ചേരാൻ ദൈവം ഉപയോഗിക്കുക?**

തിങ്കൾ ജൂലൈ 3

## പൗലൊസിന്റെ വിളി

പുരാതന എഴുത്തുകളിലെ അടിസ്ഥാനശൈലിയാണ് പൗലൊസിന്റെ ലേഖനങ്ങളിൽ പൊതുവെ കാണുന്നതെങ്കിലും, പൗലൊസിന്റെ മറ്റ് ലേഖനങ്ങളിൽ കാണാത്ത ചില സവിശേഷമായ കാര്യങ്ങൾ ഗലാത്യരിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് തിരിച്ചറിയുമ്പോൾ, ഈ വ്യത്യാസങ്ങൾ പൗലൊസ് സംബോധന ചെയ്ത സാഹചര്യങ്ങൾ, മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും.

**ഗലാ. 1:1,2 ലുള്ള പൗലൊസിന്റെ പ്രാരംഭ സംബോധന അവൻ എഫെ. 1:1; ഫിലി. 1:1; 2 തെസ്സ. 1:1 എന്നിവയിൽ എഴുതുന്നതുമായി താരതമ്യം ചെയ്യുക. ഗലാത്യരിലുള്ള പൗലൊസിന്റെ സംബോധന മറ്റുള്ളവയിൽനിന്ന് ഏതെല്ലാം വിധത്തിലാണ് സാമ്യവും വ്യത്യസ്തവുമായിരിക്കുന്നത്.**

ഗലാത്യരിലുള്ള പൗലൊസിന്റെ പ്രാരംഭസംബോധന മറ്റുള്ളവയിൽനിന്ന് അല്പം ദീർഘമാണെന്ന് മാത്രമല്ല, പിന്നെയോ അവൻ വഴിമാറി തന്റെ അപ്പൊസ്തലിക അധികാരത്തിന്റെ അടിസ്ഥാനം വർണ്ണിക്കുകയും ചെയ്യുന്നു. അപ്പൊസ്തലൻ എന്ന വാക്കിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം “അയയ്ക്കപ്പെട്ടവൻ” “ഒരു ദൂതൻ” എന്നൊക്കെയാണ്. പുതിയനിയമത്തിൽ, കർശനമായും, യേശുവിന്റെ ആദ്യത്തെ 12 അനുയായികളെയും ഉയിർത്തപ്പെട്ടവനായ ക്രിസ്തു പ്രത്യക്ഷപ്പെട്ട് അവന്റെ സാക്ഷികളാകാൻ ദൗത്യം ഏല്പിച്ചവരെയുമാണ് ഇത് പ്രതിപാദിക്കുന്നത് (ഗലാ. 1:19; 1 കൊരി. 15:7). പൗലൊസ് പ്രഖ്യാപിക്കുന്നത് അവൻ ഈ തെരഞ്ഞെടുക്കപ്പെട്ട കൂട്ടത്തിലുള്ളതാണെന്നാണ്.

തന്റെ അപ്പൊസ്തലികത്വം ഒരു മനുഷ്യനിലും അധിഷ്ഠിതമല്ല എന്ന് പൗലൊസ് ശക്തമായി പറയുമ്പോൾ, അത് സൂചിപ്പിക്കുന്നത് ഗലാത്യയിലുള്ള ആരിൽ നിന്നോ അവന്റെ അപ്പൊസ്തലിക അധികാരം കുറച്ചു കാണാൻ ശ്രമമുണ്ടായി എന്നാണ്. എന്തുകൊണ്ട്? നാം കണ്ടതുപോലെ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളിലല്ല ക്രിസ്തുവിലുള്ള വിശ്വാസത്തിൽ മാത്രമാണ് രക്ഷ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എന്ന പൗലൊസിന്റെ സന്ദേശത്തിൽ സഭയിലുള്ള ചിലർ അസന്തുഷ്ടരായിരുന്നു. പൗലൊസിന്റെ സുവിശേഷം അനുസര ണത്തെ കുറച്ചു കാണുകയാണെന്ന് അവർക്ക് തോന്നി. ഈ പ്രശ്നക്കാർ സാമർത്ഥ്യമുള്ളവരായിരുന്നു. പൗലൊസിന്റെ സുവിശേഷദൂതിന്റെ അടിസ്ഥാനം അവന്റെ അപ്പൊസ്തലിക അധികാരത്തിന്റെ ഉറവിടവുമായി നേരിട്ട് ബന്ധപ്പെട്ടിരുന്നു എന്ന് അവർക്കറിയാമായിരുന്നു (യോഹ. 3:34),ആ അധികാരത്തിനെതിരെ ശക്തമായ ഒരു ആക്രമണം അഴിച്ചുവിടാൻ അവർ തീരുമാനിച്ചു.

എന്നിരുന്നാലും അവർ നേരിട്ട് പൗലൊസിന്റെ അപ്പൊസ്തലികതയെ നിരാകരിച്ചില്ല; അതത്ര പ്രാധാന്യമുള്ളതല്ല എന്ന് അവർ വെറുതെ വാദിച്ചതേയുള്ളു. പൗലൊസ് യേശുവിന്റെ ആദ്യ അനുയായികളിൽ ഒരാളല്ല എന്ന് അവർ അവകാശപ്പെട്ടു; അതിനാൽ തന്നെ അവന്റെ അധികാരം, ദൈവത്തിൽ നിന്നല്ല മനുഷ്യരിൽ

നിന്നാണ്. ഒരുപക്ഷേ പൗലൊസിനെയും ബർന്നബാസിനെയും മിഷനറിമാരായി പ്രവർത്തിക്കുവാൻ അധികാരം നൽകിയ അന്ത്യോകൃയിലെ സഭാ നേതാക്കന്മാരിൽ നിന്നാകാം (അ.പ്ര. 13:1–3). അല്ലെങ്കിൽ, ഒരുപക്ഷേ പൗലൊസിനെ സ്നാപ്പെടുത്തിയ അനന്യാസിൽ നിന്നു മാത്രമാകാം (അ.പ്ര. 9:10–18). അവരുടെ അഭിപ്രായത്തിൽ, പൗലൊസ് അന്തോക്യയിൽനിന്നോ, ദമാസ്കൊസിൽ നിന്നോ ഉള്ള ഒരു സന്ദേശ വാഹകൻ മാത്രമായിരുന്നു. കൂടുതലായി ഒന്നുമില്ല; തുടർന്ന്, അവർ വാദിച്ചത്, അവന്റെ ദൂത് അവന്റെ അഭിപ്രായം മാത്രമാണെന്നും ദൈവവചനം അല്ല എന്നുമാണ്.

ഈ ആരോപണങ്ങൾ ഉയർത്തുന്ന അപകടം പൗലൊസ് തിരിച്ചറിയുകയും, അവന് ദൈവം നൽകിയ അപ്പൊസ്തല പദവി അവൻ ഉടൻതന്നെ ചെറുത്തുരക്ഷിക്കുകയും ചെയ്തു.

**സമർത്ഥമായി പോലും, ഇന്ന് ഏതെല്ലാം വിധത്തിലാണ് നമ്മുടെ സഭയ്ക്കുള്ളിൽ തന്നെ തിരുവെഴുത്തുകളുടെ ആധികാരികതയെ വെല്ലുവിളിക്കുന്നത്? ഈ വെല്ലുവിളികൾ നമുക്കെങ്ങനെ തിരിച്ചറിയാം? കൂടുതൽ പ്രധാനമായി എങ്ങനെയാണ് അവർ (ഒരുപക്ഷേ) നിങ്ങളുടെ തന്നെ ചിന്തയെ വേദപുസ്തകത്തിന്റെ അധികാരത്തെ സംബന്ധിച്ച് സ്വാധീനിച്ചിട്ടുള്ളത്?**

**ചൊവ്വ** **ജൂലൈ 4**

**പൗലൊസിന്റെ സുവിശേഷം**

**അവന്റെ അപ്പൊസ്തലികത്വം ചെറുത്തുനിൽക്കുന്നത് കൂടാതെ, മറ്റെന്താണ് പൗലൊസ് ഗലാത്യർക്കുള്ള അവന്റെ പ്രാരംഭ സംബോധനയിൽ ഊന്നിപ്പറയുന്നത്? ഗലാ. 1:3–5; എഫെ. 1:2; ഫിലി. 1:2; കൊലൊ. 1:2 എന്നിവയുമായി താരതമ്യം ചെയ്യുക.**

പൗലൊസിന്റെ എഴുത്തുകളിലെ തനതായ പ്രത്യേകതകളിലൊന്ന് അവൻ കൃപ, സമാധാനം എന്നീ വാക്കുകളെ അഭിവാദ്യത്തിൽ കൂട്ടിച്ചേർക്കുന്ന രീതിയാണ്. ഈ രണ്ട് വാക്കുകളുടെ സംയോജനം യെഹൂദാ ഗ്രീക്ക് ലോകത്തിലെ ഏറ്റവും സവിശേഷമായ അഭിവാദ്യത്തിന്റെ ഒരു മാറ്റപ്പെട്ട രൂപമാണ് ഒരു ഗ്രീക്ക് ലേഖകൻ "അഭിവാദ്യങ്ങൾ" (chairein) എന്ന് ഉപയോഗിക്കുന്ന സ്ഥാനത്ത് "കൃപ" എന്ന് ഗ്രീക്കിലെ സമാനശബ്ദമുള്ള വാക്ക് (charis) ഉപയോഗിക്കുന്നു. ഇതിനോടുകൂടെ യെഹൂദാ പ്രാതിനിദ്ധ്യമുള്ള "സമാധാനം" എന്ന വാക്കും ഉപയോഗിക്കുന്നു.

ഈ രണ്ട് വാക്കുകളുടെ സംയോജനം വെറുമൊരു നേരമ്പോക്കല്ല. അതിനു വിപരീതമായി, ആ വാക്കുകൾ അടിസ്ഥാനമായി വർണ്ണിക്കുന്നത് അവന്റെ സുവിശേഷദൂതിനെയാണ് (വാസ്തവത്തിൽ, പുതിയനിയമത്തിൽ ഈ രണ്ട് വാക്കുകൾ പൗലൊസാണ് മറ്റാരെക്കാളും കൂടുതലായി ഉപയോഗിക്കുന്നത്). കൃപയും സമാധാനവും പൗലൊസിൽ നിന്നല്ല പിന്നെയോ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നുമാണ്.

**ഗലാത്യർ 1:1–6 ൽ സുവിശേഷത്തിന്റെ എന്ത് ഭാവങ്ങളാണ് പൗലൊസ് ഉൾപ്പെടുത്തുന്നത്?**

സുവിശേഷത്തിന്റെ പ്രകൃതം വികസിപ്പിക്കാൻ പ്രാരംഭ അഭിവാദ്യത്തിൽ പൗലൊസിന് ഇടമില്ലെങ്കിലും, അവൻ വൈദഗ്ദ്ധ്യത്തോടെ ഏതാനും വാക്യങ്ങളിൽ സുവിശേഷത്തിന്റെ സംഗ്രഹം വർണ്ണിക്കുന്നു. സുവിശേഷം വസിക്കുന്നത് എന്ത് കേന്ദ്രസത്യത്തിന്മേലാണ്? പൗലൊസിന്റെ അഭിപ്രായത്തിൽ, ന്യായപ്രമാണവുമായുള്ള നമ്മുടെ താദാത്മ്യത്തിലല്ല. ഇതിനു വിപരീതമായി, ക്രൂശിന്മേലുള്ള അവന്റെ മരണത്തിലൂടെ ക്രിസ്തു നമുക്കുവേണ്ടി നേടിയതിലും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിലും മാത്രമാണ് സുവിശേഷം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. നമുക്കൊരിക്കലും ചെയ്യാൻ കഴിയാതിരുന്ന എന്തോ ഒന്ന് ക്രിസ്തുവിന്റെ മരണവും ഉയിർപ്പും ചെയ്തു. അനേകരേയും അടിമത്തത്തിലും ഭയത്തിലും ആക്കിയിരിക്കുന്ന ദുഷ്ടശക്തിയിൽനിന്നും അവന്റെ അനുയായികളെ സ്വതന്ത്രമാക്കിക്കൊണ്ട് അവ മരണത്തിന്റെയും പാപത്തിന്റെയും ശക്തി തകർത്തു. ക്രിസ്തുവിൽ നമുക്കായി ദൈവം സൃഷ്ടിച്ച സമാധാനത്തെയും കൃപയെയുംകുറിച്ചുള്ള അതിശയകരമായ വാർത്തയെക്കുറിച്ച് പൗലൊസ് ഓർക്കുമ്പോൾ 5-ാം വാക്യത്തിൽ പ്രത്യക്ഷപ്പെടുന്ന പൊടുന്നനെയുള്ള ദൈവസ്തുതിയിലേക്ക് പൗലൊസ് മാറുന്നു.

**ഗലാ. 1:1-5 ൽ പൗലൊസ് ഉപയോഗിച്ച അത്രയും വാക്കുകളിൽ സുവിശേഷം ആകമാനം എന്താണെന്നുള്ള നിങ്ങളുടെ തിരിച്ചറിവിനെക്കുറിച്ച് എഴുതുക. നിങ്ങളുടെ വാക്കുകൾ ശബ്ബത്തിൽ ക്ലാസിൽ കൊണ്ടുവരിക.**

**ബുധൻ** **ജൂലൈ 5**

**വേറെ സുവിശേഷമില്ല**

**പൗലൊസിന്റെ എഴുത്തുകളിൽ പ്രാരംഭ അഭിവാദ്യത്തിനുശേഷം സാധാരണയായി എന്താണ് കാണപ്പെടുന്നത്? ഗലാ. 1:6-നെ റോമ. 1:8; 1 കൊരി. 1:4; ഫിലി. 1:3; 1 തെസ്സ. 1:2 എന്നിവയുമായി താരതമ്യം ചെയ്യുക.**

സഭകൾക്കുള്ള അവന്റെ എഴുത്തുകളിൽ എല്ലാവിധ പ്രാദേശിക വെല്ലുവിളികളെയും പ്രശ്നങ്ങളെയും പൗലൊസ് അഭിസംബോധന ചെയ്യുന്നുവെങ്കിലും, അവന്റെ വായനക്കാരുടെ വിശ്വാസത്തിനായി ദൈവത്തിന് ഒരു സ്തുതിയോ പ്രാർത്ഥനാവാക്കോ അവന്റെ പ്രാരംഭ അഭിവാദ്യത്തിനുശേഷം ഉപയോഗിക്കുന്നത് പൗലൊസ് പതിവാക്കി. ചോദ്യം ചെയ്യപ്പെടാവുന്ന എല്ലാവിധ പ്രശ്നങ്ങളുമായി പോരാടുകയായിരുന്നെങ്കിലും, കൊരിന്ത്യർക്കുള്ള എഴുത്തുകളിൽ പോലും അവൻ ഇതുചെയ്തു (1 കൊരി. 1:4; 5:1 താരതമ്യം ചെയ്യുക). എന്നിരുന്നാലും ഗലാത്യയിലെ സാഹചര്യം അത്ര അസ്വസ്ഥപ്പെടുത്തുന്നതാകകൊണ്ട് നന്ദിപ്രകാശനം പാടെ ഉപേക്ഷിച്ച് നേരെ കാര്യത്തിലേക്ക് കടക്കുന്നു.

**ഗലാത്യയിൽ സംഭവിക്കുന്നതിനെക്കുറിച്ചുള്ള അവന്റെ ഉൽകണ്ഠയുടെ അളവ് കാണിക്കുന്ന എന്ത് ശക്തമായ വാക്കുകളാണ് പൗലൊസ് ഉപയോഗിക്കുന്നത്? ഗലാത്യർ 1:6-9; 5:12 വായിക്കുക.**

ഗലാത്യർക്കെതിരെയുള്ള അവന്റെ കുറ്റപ്പെടുത്തലിൽ പൗലൊസ് വാക്കുകളൊന്നും പിന്നോട്ട് പാലിക്കുന്നില്ല. ലളിതമായി പറഞ്ഞാൽ, ക്രിസ്ത്യാനികളെന്ന

നിലയിലുള്ള അവരുടെ വിളിയെ ഒറ്റുകൊടുക്കുന്നതായി അവൻ കുറ്റപ്പെടുത്തുന്നു. വാസ്തവത്തിൽ, 6-ാം വാക്യത്തിൽ കാണുന്ന "മറിയുന്നു" എന്ന വാക്ക്, മിക്കപ്പോഴും സൈന്യത്തെ ഉപേക്ഷിച്ച് അവരുടെ രാജ്യത്തോടുള്ള കൂറ് വിട്ടുകളയുന്ന സൈനികരെ വർണ്ണിക്കുവാൻ ഉപയോഗിച്ചിരുന്നതാണ്. ആത്മീയമായി പറയുകയാണെങ്കിൽ, പൗലൊസ് പറയുന്നത് ഗലാത്യർ ദൈവത്തിൽനിന്ന് പിന്തിരിയുന്ന തരംപോലെ പ്രവർത്തിക്കുന്നവരാണെന്നാണ്.

എങ്ങനെയായിരുന്നു ഗലാത്യർ ദൈവത്തെ ഉപേക്ഷിച്ചിരുന്നത്? മറ്റൊരു സുവിശേഷത്തിലേക്ക് മറിഞ്ഞുകൊണ്ട്. ഒന്നിലധികം സുവിശേഷമുണ്ടെന്ന് പൗലൊസ് പറയുകയല്ല, പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസം മാത്രം പോരാ (അ.പ്ര. 15:1-5) എന്ന് പറയുന്ന ചിലർ സഭയിലുണ്ടെന്നും അവർ ഒന്നിലധികം സുവിശേഷമുള്ളതുപോലെ പ്രവർത്തിക്കുകയുമാണെന്നാണ്. സുവിശേഷത്തിന്റെ ഈ വളച്ചൊടിക്കലിൽ പൗലൊസ് അത്ര അസ്വസ്ഥനാകകൊണ്ട് മറ്റൊരു സുവിശേഷം പ്രസംഗിക്കുന്ന ഏതൊരുവനും ദൈവത്തിന്റെ ശാപത്തിൻകീഴിൽ വരണമെന്ന് അവനാഗ്രഹിക്കുന്നു! (ഗലാ. 1:8). ഈ കാര്യത്തെക്കുറിച്ച് പൗലൊസിന് അത്ര ശക്തമായ അഭിപ്രായമുള്ളതുകൊണ്ട് അടിസ്ഥാനപരമായി അവൻ ഇക്കാര്യം രണ്ടുപ്രാവശ്യം പറയുന്നു (ഗലാ. 1:9).

**വിശ്വാസപ്രമാണത്തിനു മീതെ അനുഭവത്തിന് ഊന്നൽ കൊടുക്കുന്ന ഒരു പ്രവണത ഇന്ന് നമ്മുടെ സഭയിൽ പോലും (ചില സ്ഥലങ്ങളിൽ) ഉണ്ട്. ദൈവവുമായുള്ള നമ്മുടെ ബന്ധമാണ്, നമ്മുടെ അനുഭവമാണ് ഏറ്റവും പ്രധാനം (നമ്മോട് പറയപ്പെടുന്നു). അനുഭവം എത്ര പ്രധാനമാണെങ്കിലും, ശരിയായ വിശ്വാസപ്രമാണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇവിടെയുള്ള പൗലൊസിന്റെ എഴുത്ത് നമ്മെ എന്തു പഠിപ്പിക്കുന്നു?**

**വ്യാഴം** **ജൂലൈ 6**

**പൗലൊസിന്റെ സുവിശേഷത്തിന്റെ ഉല്പത്തിയെക്കുറിച്ച് ഗലാത്യയിലെ പ്രശ്നക്കാർ അവകാശപ്പെട്ടത് മറ്റുള്ളവരുടെ അംഗീകാരം നേടാനുള്ള അവന്റെ ആഗ്രഹത്തിൽ നിന്നുണ്ടായതാണെന്നാണ്. അവൻ വെറുതെ മാനുഷിക അംഗീകാരത്തിനു മാത്രമായി കാംക്ഷിച്ചിരുന്നുവെങ്കിൽ പൗലൊസിന് അവന്റെ എഴുത്തിൽ എന്ത് വ്യത്യസ്തമായി ചെയ്യാമായിരുന്നു? ഗലാ. 1:6-9; 11-24 കാണക്കിലെടുക്കുക.**

എന്തുകൊണ്ടാണ് ജാതികളിൽനിന്ന് മാനസാന്തരപ്പെട്ടവർ അഗ്രചർമ്മം ചെയ്യണമെന്ന് പൗലൊസ് ആവശ്യപ്പെടാതിരുന്നത്? ഏതു വിധേനയും മാനസാന്തരങ്ങൾ വേണമെന്ന് പൗലൊസ് ആഗ്രഹിച്ചതുകൊണ്ടാണ് അങ്ങനെ ചെയ്തതെന്നാണ് പൗലൊസിന്റെ എതിരാളികൾ അവകാശപ്പെട്ടത്. ജാതികൾക്ക് അഗ്രചർമ്മത്തെക്കുറിച്ച് ആശങ്കയുണ്ടാകും എന്ന് പൗലൊസ് മനസ്സിലാക്കിയതുകൊണ്ടാണ് അവനത് ആവശ്യപ്പെടാതിരുന്നതെന്ന് അവൻ ഒരുപക്ഷേ കരുതിയിരിക്കാം. അവൻ ജനങ്ങളെ പ്രീണിപ്പിക്കുന്ന ഒരുവനായിരുന്നു! അപ്രകാരമുള്ള ആരോപണങ്ങൾക്ക് മറുപടിയായി, 8-9 വാക്യങ്ങളിൽ അവനെഴുതിയ ശക്തമായ വാക്കുകൾ തന്റെ എതിരാളികൾക്ക്

അവൻ ചൂണ്ടിക്കാണിക്കുന്നു. അവനാവശ്യമായിരുന്നത് അംഗീകാരം മാത്രമായിരുന്നു വെങ്കിൽ, നിശ്ചയമായും അവൻ വ്യത്യസ്തമായി ഉത്തരം നൽകുമായിരുന്നു.

**ജനങ്ങളെ പ്രീതിപ്പെടുത്താൻ നോക്കുമ്പോൾ ക്രിസ്തുവിന്റെ ഒരു അനുയായി ആയിരിക്കുന്നത് അസാദ്ധ്യമാണെന്ന് എന്തുകൊണ്ടാണ് പൗലൊസ് പറയുന്നത്?**

**അവന് തന്റെ സുവിശേഷവും അധികാരവും, ദൈവത്തിൽനിന്നും നേരിട്ടാണ് ലഭിച്ചതെന്ന 11,12 വാക്യങ്ങളിലെ പൗലൊസിന്റെ പ്രസ്താവനയ്ക്കുശേഷം, 13-24 വരെയുള്ള വാക്യങ്ങളിലുള്ള അവന്റെ വാക്കുകൾ അവന്റെ കാര്യം എങ്ങനെ വ്യക്തമാക്കുന്നു?**

13 മുതൽ 24 വരെയുള്ള വാക്യങ്ങൾ അവന്റെ സ്വന്തജീവിതത്തിന്റെ ഒരു വിവരണം നൽകുന്നു, അവന്റെ മാനസാന്തരത്തിനു മുൻപും (വാക്യങ്ങൾ 13, 14) മാനസാന്തര സമയത്തും (വാക്യങ്ങൾ 15, 16) അതിനുശേഷവും (വാക്യങ്ങൾ 16-24).

ഈ ഓരോ സംഭവങ്ങളെയും ചുറ്റിപ്പറ്റിയുള്ള സാഹചര്യങ്ങൾ വ്യക്തമാക്കുന്നത് ദൈവത്തിൽനിന്നാണ് അവന് സുവിശേഷം ലഭിച്ചതെന്നാണ്. അങ്ങനെയല്ലായെന്ന് അവകാശപ്പെടാൻ ആർക്കും ഒരിക്കലും സാദ്ധ്യമല്ല എന്ന് പൗലൊസ് അവകാശപ്പെടുന്നു. അവന്റെ വിളിയെ ചോദ്യം ചെയ്ത് അവന്റെ സുവിശേഷത്തെ ആരെങ്കിലും തരംതാഴ്ത്തി കാണിക്കുന്നത് കണ്ടുകൊണ്ടു കയ്യുംകെട്ടി ഇരിക്കാൻ അവൻ തയ്യാറല്ല. അവന് എന്തുസംഭവിച്ചുവെന്ന് അവനറിയാം, എന്തു പഠിപ്പാക്കാനാണ് അവനെ വിളിച്ചതെന്നും അവനറിയാം,എന്തു സംഭവിച്ചാലും അവനത് ചെയ്യാൻ പോകുകയാണ്.

**ക്രിസ്തുവിലുള്ള നിങ്ങളുടെ വിളിയെക്കുറിച്ച് നിങ്ങൾക്ക് എത്ര ഉറപ്പുണ്ട്? എന്തുചെയ്യാനാണ് ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നതെന്ന് ഉറപ്പായി നിങ്ങൾക്കെങ്ങനെ അറിയാൻ കഴിയും? അതേസമയം, നിങ്ങൾക്ക് നിങ്ങളുടെ വിളിയെക്കുറിച്ച് ഉറപ്പുണ്ടെങ്കിലും, മറ്റുള്ളവരുടെ ഉപദേശം ശ്രവിക്കുവാൻ നിങ്ങൾ എന്തുകൊണ്ട് പഠിക്കണം?**

**വെള്ളി** **ജൂലൈ 7**

**കൂടുതൽ ചിന്ത**

"ജന്മനാ യെഹൂദരായിരുന്ന ചില അംഗങ്ങൾ മിക്കവാറും എല്ലാ സഭകളിലും ഉണ്ടായിരുന്നു. യെഹൂദാ ഗുരുക്കന്മാർ ഇങ്ങനെയുള്ളവരോട് വേഗത്തിൽ അടുത്തു. ഇവരിലൂടെ സഭകളിൽ പിടിമുറുക്കി. തിരുവെഴുത്ത് സംബന്ധമായ വാദഗതികളാൽ പൗലൊസ് പഠിപ്പിച്ച വിശ്വാസപ്രമാണങ്ങളെ മറികടക്കുക അസാദ്ധ്യമായിരുന്നു; അതിനാൽ അവന്റെ സ്വാധീനത്തെ എതിർക്കുന്നതിന് അവരേറ്റവും മനഃസാക്ഷിയില്ലാത്ത പ്രവർത്തനങ്ങളുമായി അവന്റെ അധികാരത്തെ ക്ഷയിപ്പിക്കാൻ ശ്രമിച്ചു. അവൻ യേശുവിന്റെ ഒരു ശിഷ്യനായിരുന്നില്ല എന്ന് അവൻ പ്രഖ്യാപിച്ചു. യേശുവിൽ നിന്ന് അവന് ദൗത്യമൊന്നും ലഭിച്ചിരുന്നില്ല, എന്നിട്ടുകൂടി പത്രൊസും, യാക്കോബും മറ്റ് അപ്പൊസ്തലന്മാരും പാലിച്ചിരുന്ന വിശ്വാസപ്രമാണങ്ങൾക്ക് ഘടകവിരുദ്ധമായി പഠിപ്പിക്കുവാൻ അവൻ ശ്രമിച്ചു.

ഈ സഭകളെ അതിവേഗത്തിൽ നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയ തിന്മകൾ കണ്ടപ്പോൾ പൗലൊസിന്റെ ആത്മാവ് ചലിച്ചു. അവൻ ഉടൻ എന്നെ അവരുടെ വ്യാജസിദ്ധാന്തങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് വിശ്വാസത്തിൽനിന്ന് വേർപ്പെട്ടവരെ അതിശക്തമായി ശാസിച്ചുകൊണ്ട് ഗലാത്യർക്ക് എഴുതി. EGW, Sketches from the Life of Paul pp. 188, 189.

**ചർച്ചാ ചോദ്യങ്ങൾ**

1. സുവിശേഷത്തെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയ വിശദീകരണങ്ങൾ ക്ലാസിൽ വായിക്കുക. ഓരോരുത്തരുടെയും എഴുത്തുകളിൽനിന്നും നമുക്കെന്ത് പഠിക്കാൻ കഴിയും?
2. ഗലാത്യർക്കുള്ള പൗലൊസിന്റെ അഭിവാദ്യത്തിൽ, യേശുവിന്റെ മരണം സംഭവിച്ചത് ഒരു പ്രത്യേക കാരണത്തിനുവേണ്ടിയാണെന്ന് അവൻ പ്രഖ്യാപിച്ചു. എന്തായിരുന്നു ആ കാരണം: ഇന്ന് നമുക്കായി എന്ത് അർത്ഥമാണ് അതിലുള്ളത്?
3. ഗലാത്യർ 1:14 ൽ പൗലൊസ് പറയുന്നത് അവന്റെ പിതൃപാരമ്പര്യത്തെക്കുറിച്ച് അവൻ അതീവ എരിവുള്ളവനായിരുന്നുവെന്നാണ്. "പാരമ്പര്യം" എന്നതുകൊണ്ട് അവൻ ഒരുപക്ഷേ ഉദ്ദേശിക്കുന്നത് പരീശന്മാരുടെ വാമൊഴിയും പഴയനിയമം തന്നെയുമാകാം, എന്ത് സ്ഥാനമാണ് (അങ്ങനെയുണ്ടെങ്കിൽ)"പാരമ്പര്യങ്ങൾക്ക്" നമ്മുടെ വിശ്വാസത്തിലുള്ളത്? പാരമ്പര്യം എന്ന സമ്പൂർണ്ണ ചോദ്യത്തോടുള്ള ബന്ധത്തിൽ, ഇന്ന് നമുക്ക് പൗലൊസിന്റെ അനുഭവം എന്ത് താക്കീതാണ് നൽകുന്നത്?
4. അവൻ വിശ്വസിച്ചതിനു വ്യത്യസ്തമായി വിശ്വസിച്ചവരോട് എന്തുകൊണ്ടാണ് ഇത്ര "അസഹിഷ്ണുത" ഉള്ളവനായിരുന്നത്? സുവിശേഷത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുള്ളവരെക്കുറിച്ച് അവനെഴുതിയ കാര്യങ്ങളിൽ ചിലത് ഒന്നുകൂടി വായിക്കുക. അപ്രകാരം ശക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരിക്കുന്ന ഒത്തുതീർപ്പിനും തയ്യാറാകാത്ത നിലപാടുള്ളവരെ ഇന്ന് നമ്മുടെ സഭയിൽ എങ്ങനെ കാണണം?

**സംഗ്രഹം:** അവന്റെ അപ്പൊസ്തല പദവിയിലും സുവിശേഷദൂതും ദൈവത്താൽ നൽകപ്പെട്ടതല്ലെന്ന് അവകാശപ്പെട്ടുകൊണ്ട് പൗലൊസിന്റെ ശുശ്രൂഷയെക്കുറിച്ച് കാണുവാൻ ഗലാത്യയിലുള്ള വ്യാജ ഗുരുക്കന്മാർ ശ്രമിക്കുകയായിരുന്നു. ഗലാത്യർക്കുള്ള എഴുത്തിന്റെ ആദ്യ വാക്യങ്ങളിൽത്തന്നെ ഈ രണ്ട് ആരോപണങ്ങളെയും പൗലൊസ് നേരിടുന്നു. രക്ഷയ്ക്ക് ഒരു മാർഗ്ഗമേയുള്ളൂവെന്ന് അവൻ ധൈര്യസമേതം പ്രഖ്യാപിക്കുന്നു. അനവന്റെ മാനസാന്തരത്തെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങൾ കാണിക്കുന്നത് അവന്റെ വിളി ദൈവത്തിൽനിന്ന് മാത്രമാണെന്ന് അവൻ വിവരിക്കുന്നു.